
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി




# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ഏറത്തു  പഞ്ചായത്ത്

വാർഡ് 14, ശ്രീനാരായണപുരം

പറക്കോട് ബ്ലോക്ക്,

പത്തനംതിട്ട ജില്ല

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം(MGNSASK)

രണ്ടാം നില cwc ബിൽഡിംഗ്

എൽഎംഎസ് കോമ്പൗണ്ട് പാളയം വികാസ് ഭവൻ p o

തിരുവനന്തപുരം, 695033

ഫോൺ നമ്പർ:04712724696

ഈമെയിൽ keralasocialaudit@gmail.com

2018 ഒക്ടോബർ 1മുതൽ 2019 മാർച്ച് 31 വരെ

തയ്യാറാക്കിയത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്

പത്തനംതിട്ട ജില്ല  പറക്കോട് ബ്ലോക്ക് ടീം

## ആമുഖം

അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം

ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ, ഉറപ്പു നൽകുന്നതോടൊപ്പം; ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളും ഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും, പൊതുജങ്ങളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

**വാർഡിനെക്കുറിച്ച്**

ജില്ല : പത്തനംതിട്ട

ബ്ലോക്ക് :പറക്കോട്

പഞ്ചായത്ത് :ഏറത്ത്

വാർഡ്:14 ശ്രീ നാരായണപുരം

ജനസംഖ്യ :1260

സ്ത്രീകൾ: 400

പുരുഷന്മാർ :300

ആകെ വീടുകൾ: 413

എസ് സി കുടുംബങ്ങൾ :44

എപിഎൽ കുടുംബങ്ങൾ: 200 ബിപിഎൽ കുടുംബങ്ങൾ:213 അയൽക്കൂട്ടങ്ങൾ :10

എസ് സി കോളനി: 2

അങ്കണവാടി :2

അതിരുകൾ

കിഴക്ക് : ചൂരക്കോട് കളത്തട്ട്

പടിഞ്ഞാറ്: ജനശക്തി

തക്ക്: അന്തിച്ചിറ

വടക്ക് : വള്ളാരംകുന്ന്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഡിലെ ആകെയുള്ള തൊഴിൽ കാർഡുകൾ:231

സജീവ തൊഴിലാളികൾ:79

നൂറുദിനം പൂർത്തീകരിച്ചവർ:40

**ഓഡിറ്റിംഗിന് തിരഞ്ഞെടുത്ത പ്രവർത്തികൾ**

a) പ്രവർത്തിയുടെ പേര്:

മൺകയ്യാല നിർമ്മാണം

* പ്രവർത്തിയുടെ കോഡ്: LD/313639

* തൊഴിൽ ദിനങ്ങൾ:812

* എസ്റ്റിമേറ്റ് തുക:250434

* ചിലവഴിച്ച തുക:250434

b) പ്രവർത്തിയുടെ പേര്:തട്ടുതിരിക്കൽ

പ്രവർത്തിയുടെ കോഡ്:LD/333817

തൊഴിൽ ദിനങ്ങൾ:1324

എസ്റ്റിമേറ്റ് തുക:392420

ചിലവഴിച്ച തുക:366805

c) പ്രവർത്തിയുടെ പേര് : കാലിത്തൊഴുത്ത് നിർമാണം

പ്രവർത്തിയുടെ കോഡ്:IF/394401

തൊഴിൽ ദിനങ്ങൾ :34

എസ്റ്റിമേറ്റ് തുക:117903/-

ചിലവഴിച്ച തുക:72879

**രീതിശാസ്ത്രം**

- 14ആം വാർഡിൽ സോഷ്യൽ ഓഡിറ്റ് കാലയളവിൽ പൂർത്തിയാക്കിയ പ്രവർത്തി ഫയലുകളും, 7 രജിസ്റ്ററുകളും പരിശോധിച്ചു.
- ഫയൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വില്ലേജ് റിസോഴ്സ് പേഴ്സൺ

പരിശോധിച്ച ഫയൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തിയുടെ അളവുകൾ എടുക്കുകയും ചെയ്തു.

- തൊഴിലാളികളുടെ തൊഴിൽ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയും ഗുണഭോക്താക്കളുടെ പറമ്പുകളിൽ നടത്തിയ പ്രവർത്തികളുടെ ഗുണമന്മേയെ കുറിച്ച് ഗുണഭോക്താക്കളോട് ചോദിച്ചു മനസ്സിലാക്കി.
- ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി.

പഞ്ചായത്തിലെ സൂക്ഷിക്കേണ്ട 7രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ.
2. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ.
3. തൊഴിൽആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ.
4. പ്രവർത്തി ലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ.
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ.
6. പരാതി രജിസ്റ്റർ.
7. സാധന രജിസ്റ്റർ.

| 7 രജിസ്റ്ററുകൾ | പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ |
|---|---|
| **ജോബ് കാർഡ് രജിസ്റ്റർ** | തൊഴിൽ കാർഡിനുള്ള കുടുംബരജിസ്റ്ററിൽ പേരും വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. |
| **ഗ്രാമസഭാ രജിസ്റ്റർ** | ഈ വാർഡിൽ തൊഴിലുറപ്പ് ലൂടെ ഏറ്റെടുക്കാവുന്ന പ്രവർത്തിയെ പറ്റി |

| | |
|---|---|
| | നടന്ന ഗ്രാമസഭയുടെ വിശദാംശങ്ങൾ രഖേപ്പടുത്തിയിട്ടുണ്ട്. |
| **ഡിമാൻഡ് ആൻഡ് അലോക്കഷേൻ ഓഫ് വർക്ക്** | 1)പരിശോധന നടത്തിയ 3 വർക്കുകളുടെയും വിവരങ്ങൾ ഉൾപ്പടെുത്തിയിട്ടുണ്ട്<br><br>2)പയേ്മന്റെ് ഓഫ് വജേസ്: പരിശോധന നടത്തിയ എല്ലാ ഫയലിലയെും മസ്റ്റർ റോൾ പ്രകാരമുള്ള പയെ്മന്റെിന്റെ വിവരങ്ങൾ നൽകിയിട്ടുണ്ട്. |
| **രജിസ്റ്റർ ഫോർ വർക്ക്** | പരിശോധന നടത്തിയ എല്ലാ വർക്കുകളുടയെും വിവരങ്ങൾ ഉൾപ്പടെുത്തിയിട്ടുണ്ട് |
| **ഫിക്സഡ് അസറ്റ് രജിസ്റ്റർ** | പരിശോധന നടത്തിയ 3 ഫയൽ വിവരങ്ങൾ രഖേപ്പടുത്തിയിട്ടുണ്ട്. |

| | |
|---|---|
| **പരാതി രജിസ്റ്റർ** | പരാതികൾ ഒന്നും തന്നെ രഖേപ്പടെുത്തിയിട്ടില്ല. |
| **സാധന രജിസ്റ്റർ** | **മുകളിൽ പറഞ്ഞ 3 ഫയലും സാധന രജിസ്റ്ററിൽ** ഉൾപ്പടെുത്തിയിട്ടില്ല |

| ക്രമനമ്പർ | പ്രവൃത്തിയുടെ പരേ് | പ്രവൃത്തിയുടെ കോഡ് |
|---|---|---|
| 1 | മൺകയ്യാല നിർമാണം | LD/313639 |
| 2 | തട്ടുതിരിക്കൽ | LD/333817 |
| 3 | കാലിത്തൊഴുത്തു നിർമാണം | IF/394401 |

## ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

| | |
|---|---|
| കവർപജേ് | ഒരു കവർ പജേിൽ ഉണ്ടായിരിക്കണേട പ്രധാന വസ്തുത എല്ലാം തന്നെ ഉണ്ട് . |
| ചക്കെ് ലിസ്റ്റ് ഓഫ് ഡോക്യുമന്റെ്സ് | പരിശോധിച്ച പ്രവർത്തി ഫയലുകളിൽ ചക്കെ്ലിസ്റ്റ് കാണാൻ സാധിച്ചു എന്നാൽ ഒന്നിനും പജേ് നമ്പർ |

| | |
|---|---|
| | ഇല്ല . |
| വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പുകൾ ഫയലിലും ഉണ്ട് |
| വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ് | വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ് പരിശോധിച്ച് പ്രവർത്തി ഫയലിലും കാണുവാൻ സാധിച്ചു, സക്യൂറിൽ നിന്നും ലഭിച്ച കോപ്പിയായിരുന്നു. ഫയലിൽ സൂക്ഷിച്ചിരുന്നത്. ഇതിൽ സീൽ, ഒപ്പ്, തീയതി, എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് കവർപേജ്, പ്രോജക്ട് റിപ്പോർട്ട് അഥവാ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉണ്ട് . എസ്റ്റിമേറ്റിൽ ഡ്രോയിങ് ഡിസൈൻ സർവ്വേ ഡേറ്റാ എന്നിവ ഉണ്ട്. |
| ജനകീയ എസ്റ്റിമേറ്റ് | ഫയലുകളിൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഇല്ല . |
| സാങ്കേതിക | സാങ്കേതിക |

| | |
|---|---|
| അനുമതിയുടെ പകർപ്പ് | അനുമതിയിൽ സാങ്കേതിക വിദഗ്ധന്റെ സീൽ തീയതിയോട് കൂടിയ ഒപ്പ് എന്നിവയില്ലായിരുന്നു. പഞ്ചായത്ത് ഓവർസിയർ ടെക്നിക്കൽ കമ്മിറ്റി അംഗം, എൽ എസ് ജി ഡി. എൻജിനീയർ, മറ്റ് ടെക്നിക്കൽ അംഗങ്ങൾ എന്നിവരുടെ വിവരവും ഉണ്ട് . |
| ഭരണാനുമതി | ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ ഫയലിലും ഭരണാനുമതിയുടെ പകർപ്പ് ഉണ്ട് . |
| സംയോജിത പദ്ധതി | പരിശോധിച്ച് പ്രവർത്തികൾ സംയോജിത പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നില്ല |
| തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | തൊഴിലാളികൾ ഗ്രൂപ്പ് ആയിട്ടാണ് തൊഴിലിന് അപേക്ഷിച്ചിരിക്കുന്നത്, കൂടാതെ വ്യക്തിഗത അപേക്ഷകളും കാണാൻ കഴിഞ്ഞു. അപേക്ഷയിൽ തൊഴിൽ കാർഡ് ഉടമയുടെ പേര്, കാർഡ് നമ്പർ, ഒപ്പ് മുതലായവ കണ്ടു. |

| | |
|---|---|
| ഇ -മസ്ട്രരോളിൽ | പ്രവൃത്തിയുമായി ബന്ധപ്പട്ടെ മസ്റ്റർറോളുകൾ പ്രവർത്തി *ഫയലുകളിൽ കാണുവാൻ സാധിച്ചു*<br>1.LD/313639<br>മൺകയ്യാല നിർമാണം<br>• മസ്റ്റർ റോളിൽ വട്ടെി തിരുത്തുകൾ ഒന്നും തന്നെ ഇല്ല<br>• മഷെർമന്റെ് ബുക്ക്നമ്പർ, പജേ് നമ്പർ എന്നിവ ഇല്ല .<br>2. LD/333817<br>തട്ടുതിരിക്കൽ<br>• മസ്റ്റർ റോളിൽ വട്ടെി തിരുത്തുകൾ ഒന്നും തന്നെ ഇല്ല<br>• മഷെർമന്റെ് ബുക്ക്നമ്പർ, പജേ് നമ്പർ എന്നിവ ഇല്ല<br>3. IF/394401<br>കാലിത്തൊഴുത്തു നിർമാണം<br>• മസ്റ്റർ റോളിൽ വട്ടെി തിരുത്തുകൾ ഒന്നും തന്നെ ഇല്ല<br>• മഷെർമന്റെ് ബുക്ക്നമ്പർ, പജേ് നമ്പർ എന്നിവ |

| | |
|---|---|
| | ഇല്ല . |
| മഷെർമന്റെ ബുക്ക് | ഫയലുകളിൽ എല്ലാംതന്നെ എം ബുക്ക് ഉണ്ട് . അതിൽ തിരുത്തലുകൾ ഒന്നും തന്നെ ഇല്ല. |
| സാധനസാമഗ്രികളെക്കുറിച്ചു ള്ള വിവരങ്ങൾ | ഫയലുകൾ നോക്കിയതിൽ വർക്കിന്സാധന സാമഗ്രികളെക്കുറിച്ചു ഉള്ള വിവരങ്ങൾ ഉണ്ട് |
| വജേ ലിസ്റ്റ് | ഫയലുകൾ നോക്കിയതിൽ വജേ ലിസ്റ്റ് പരിശോധിച്ചപ്പോൾ MIS ൽ നിന്നും എടുത്ത വജേ ലിസ്റ്റ് പകർപ്പ് ഉണ്ട് . |
| ഫണ്ട് ട്രാൻസ്ഫർ ഓർഡർ | ഫയൽ പരിശോധനയിൽ എല്ലാം തന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ട് |
| റോയൽറ്റി | വ്യക്തിഗത ഗുണഭോക്താക്കളുടെ കരം അടച്ച രസീത് പകർപ്പ് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടുണ്ട്. |
| മൂന്ന് ഘട്ട ഫോട്ടോഗ്രാഫ് | പരിശോധിച്ച് പ്രവർത്തി ഫയലിൽ 2 |

| | |
|---|---|
| | ഘട്ട ഫോട്ടോഗ്രാഫുകൾ സൂക്ഷിച്ചിട്ടുണ്ട്. പ്രവർത്തി തുടങ്ങുന്നതിനു മുമ്പും പ്രവർത്തി തുടങ്ങിയ ശേഷവും ഉണ്ട് . |
| പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു. ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.. |
| mustroll മൂവ്മെന്റ് സ്ലിപ്പ്/ ഫയൽ ട്രാക്കിംഗ് | ഫയൽ പരിശോധനയിൽ മസ്റ്റ് റോൾ മൂവ്മെന്റ് സ്ലിപ്പ ഇല്ല |
| ജിയോ ടാഗ് ഫോട്ടോഗ്രാഫുകൾ | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ ജിയോ ടാഗ് ഫോട്ടോഗ്രാഫ് ഇല്ല. |
| സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | പ്രവൃത്തിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല |
| സൈറ്റ് ഡയറി | പ്രവർത്തി ഫയലുകളിൽ സൈറ്റ് ഡയറികൾ ഉണ്ട് . |

ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തിയവ

**LD/333817 തട്ട് തിരിക്കൽ**

| ഉപഭോക്താവ് | നീളം | വീതി | ആഴം |
|---|---|---|---|
| ഗോപി, ഇലങ്കത്തിൽ | 320 | 1 | 0.4 |
| ലീലാമണി, പാലവിളയിൽ | 120 | 1 | 0.4 |
| സരസമ്മ, ചപ്പെപള്ളിത്താഴെത്തിൽ | 225 | 1 | 0.4 |
| അജിതകുമാരി, പുതുശ്ശേരിയിൽ | 700 | 1 | 0.4 |
| ഗിരിജ, ചടേട്ടിയതുതാഴ്ത്തിൽ | 640 | 1 | 0.4 |
| ലീല, കലതിവിലയിൽ | 220 | 1 | 0.4 |
| ശശിധരൻ, ശരത് ഭവനം | അളവ് സാധ്യമല്ലായിരുന്നു | | 0.4 |
| കുഞ്ഞുമോൾ, പ്ലാമൂട്ടിൽ | 674 | 1 | 0.4 |

| | | |
|---|---|---|
| അനിത, പുതുശ്ശേരിൽ | അളവ് സാധ്യമല്ല | |

എം ബുക്ക് പ്രകാരം 1680m ചെയ്യേണ്ട മൺകയ്യാല നിർമാണം 1159.6മാത്രമാണ് അളക്കുവാൻ സാധിച്ചത് എന്നാൽ 520.4 മീറ്റർ കുറവാണ്.

(കാട് ആയതുകൊണ്ട് ശശിധരൻ ശരത് ഭവൻ, അനിത, പുതുശ്ശേരിയിൽ എന്നി ഗുണഭോക്താവിന്റെ തട്ടുതിരിക്കൽ അളക്കുവാൻ സാധിച്ചില്ല )

**LD/253701 മൺകയ്യാല നിർമ്മാണം**

| ഉപഭോക്താക്കൾ | നീളം | വീതി | വിസ്തീർണം |
|---|---|---|---|
| **റോസമ്മ** | **320** | **1.2** | **384** |
| **ശശിധരൻ** | **352** | **1.2** | **422.4** |
| **സുമതിയമ്മ** | **350** | **1.2** | **420** |
| **സരസമ്മ** | **97** | **1.2** | **116.4** |
| **ശോഭന** | **340** | **1.2** | **408** |

**M.book പ്രകാരം 1680 മീറ്റർ മാത്രമാണ് മൺകയ്യാല നിർമാണം ചെയ്യേണ്ടതെങ്കിലും തൊഴിലാളികൾ 1750.8m ചെയ്തിതതായി കാണുന്നു. 70.8 മീറ്റർ കൂടുതൽ തൊളിലാളികൾ ചെയ്തിരിക്കുന്ന എന്ന് കാണാൻ സാധിച്ചു**

***IF/394401***

***കാലിത്തൊഴുത്ത് നിർമ്മാണം***

ഗീതാകുമാരി ഗോവിന്ദ നിവാസ് എന്ന ഉപഭോക്താവിന്റെ കാലിത്തൊഴുത്ത് നിർമ്മാണം അളന്നപ്പോൾ ഉയരം 1. 75 മീറ്റർ, വീ തി 3.20 മീറ്റർഎന്നിങ്ങനെ കാണാൻ സാധിച്ചു.

ഉപഭോക്താവ് കാലിതൊഴുത്ത് ഉപയോഗിക്കുന്നുണ്ടായിരുന്നു.CIB ബോർഡ് സ്ഥാപിച്ചിട്ട് ഉണ്ടായിരുന്നു. (എം ബുക്ക് പ്രകാരം CIB ബോർഡിന് 1000 രൂപയാണ് )

LD/333817

ഭൂമി തട്ട്തിരിക്കൽ

ഭൂമി തട്ടിയെടുക്കൽ പരിശോധിച്ചപ്പോൾ 8 പേരുടെ പുരയിടങ്ങളിൽ 2109 മീറ്റർ നീളവും, ശശിധരൻ ശരത് ഭവനം, അനിത പുതുശ്ശേരിയിൽ എന്നിവരുടെ പുരയിടങ്ങളിൽ കാട് കയറിയത് മൂലം അളക്കുവാൻ സാധിച്ചില്ല.cib ബോർഡ് സിറ്റിൽ ഉണ്ടയിരുന്നില്ല

## ബാധ്യത.

14ആം വാർഡിലെ 3ഫയലുകൾ പരിശോധിച്ചപ്പോൾ 2485 രൂപ പൊതു പണം നഷ്ടമായി എന്ന് മനസിലാക്കാൻ കഴിഞ്ഞു.

അവകാശധിഷ്ടിതാ നിർദ്ദശേങ്ങൾ/ ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

- 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച് 40 തൊഴിലാളികളാണ് വാർഡ് 14ൽ ഉള്ളത്. 100 ദിവസം പൂർത്തീകരിച്ച് തൊഴിലാളികൾക്ക് 1000 രൂപയും ലഭിച്ചു.
- തൊഴിലാളികൾക്ക് അവകാശത്തകെ്കുറിച്ച് അറിവില്ലായിരുന്നു തൊഴിലാളികൾ അവകാശപ്പടെ്ട 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം അല്ലാത്തപക്ഷം തൊഴിലില്ലായ്മ വദേനംനൽകണമന്നെ് നിയമം. നിലനിൽക്കെ തൊഴിലാളികൾക്ക് നിയമത്തെ കുറിച്ച് അറിവ് ഇല്ലാത്തതിനാൽ തൊഴിലില്ലായ്മ വതേനം ലഭിച്ചതായി കാണാൻ സാധിച്ചില്ല.
- തൊഴിൽ കാർഡ്എടുക്കുന്നതിന് തൊഴിലാളികളിൽ നിന്നും ചലെവായ ഫോട്ടോയടെുക്കുന്ന ചാർജ്, ഫോട്ടോ കോപ്പി എടുക്കുന്ന ചാർജ് എന്നിവയലെ്ലാം തിരികെ നൽകണേ്ടതുണ്ട്. എന്നാൽ മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് ഒന്നും തന്നെ ചലെവായ തുക ലഭിച്ചിട്ടില്ല.
- മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമപ്രകാരം തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവള്ളെം, തണലൊരുക്കാൻ ഉള്ള ടാർപ്പോളിൻ, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ഉണ്ടായിരുന്നു
- തൊഴിലിടങ്ങളിൽ എല്ലാം തന്നെ CIB ബോർഡുകൾ കാണുവാൻ സാധിച്ചങ്കെിലും തട്ടുതിരിക്കലിന്റ CIB ബോർഡ് ഫീൽഡ് പരിശോധന വളേയിൽ കാണുവാൻ സാധിച്ചില്ല
- തൊഴിലാളികൾക്ക് പണിയായുധങ്ങൾ 2008 മാത്രമേ ലഭിച്ചിട്ടുള്ളു.
- തൊഴിലാളികളും മറ്റേും ഒരുമിച്ച് ഒത്തൊരുമയോടെ കൂടിയാണ് പോകുന്നത്.
- തൊഴിലാളികൾ അവർക്ക് പണി വണേമന്നൊവശ്യപ്പടെ്ട് ഡിമാൻഡ് ഫോം കൊടുക്കുന്നത് ഒരു വള്ളെപപേ്പറിൽ എഴുതിയാണന്നെും ഡിമാൻഡ് ഫോം നൽകുമ്പോൾ കപൈറ്റു രസീത് നൽകുന്നു എന്നും തൊഴിലാളികൾ പറയുന്നു

.

- തൊഴിലാളികൾക്ക് അവർ ചെയ്ത വേദനം എത്രയും വേഗം തന്നെ ലഭിക്കണം എന്നാവശ്യപ്പെട്ടു കാരണം പലരും ഈ ഒരു ജോലി കണ്ടിട്ടാണ് ജീവിക്കുന്നത് അവർക്ക് ആകെയുള്ളൊരു ജോലി മാർഗ്ഗം എന്ന് പറയുന്നത് ഈ തൊഴിലുറപ്പ് പദ്ധതി ആണ് അതുകൊണ്ടുതന്നെ എത്രയും വേഗം തന്നെ അവർക്ക് വേദനം അനുവദിച്ചു നൽകണമെന്ന് അറിയിക്കുന്നു.

#) തൊഴിലാളികളുടെ ആവശ്യപ്രകാരം ഉള്ള ജോലികൾക്ക് അനുസൃതമായതും തൊഴിലാളികൾക്ക് നല്ല ട്രെയിനിങ് ബോധവൽക്കരണ ക്ലാസുകളും ചെയ്യുന്നതിലൂടെ നമ്മുടെ ഭരണസംവിധാനങ്ങൾ കൂടുതൽ സുതാര്യമാക്കുവാൻ ഉം അതിലൂടെ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമാകും.

കണ്ടെത്തലുകളും നിർദ്ദേശങ്ങളും

വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് തൊഴിലാളികളിൽ നിന്ന് അറിയുവാൻ കഴിഞ്ഞത്.

- തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ഒരു ധാരണയുണ്ടായിരുന്നില്ല,
- തൊഴിലാളികളും മേറ്റും ആരും ഒത്തൊരുമയോടെ കൂടിയാണ് പോകുന്നത് കൂടാതെ അവരെടുക്കുന്ന പ്രവർത്തികൾ എല്ലാം തന്നെ നല്ല രീതിയിൽ ആണ് ചെയ്യുന്നത്
- ക്രിയാത്മക ചർച്ചയിലൂടെ തൊഴിലാളികളുടെ പരമ്പരാഗത അറിവിനെ പ്രയോജനപ്പെടുത്തി അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കേണ്ടത്.
- തൊഴിലുറപ്പു നിയമം തൊഴിലാളികൾക്ക് ഉറപ്പു നൽകുന്ന തൊഴിൽ സൗകര്യങ്ങളായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമായി എന്ന് ബോധ്യപ്പെട്ടേ അവർ ഉറപ്പുവരുത്തണം.
- നിയമപ്രകാരം ഉടമകൾ അവരുടെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കാൻ അപേക്ഷ നൽകുകയും അത് പ്രകാരം അവർക്ക് ചെയ്തു

കൊടുക്കുകയാണ് ചെയ്തത്.

- പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് ആ പ്രദേശത്ത് ചെയ്യാൻപറ്റുന്ന പ്രവർത്തികൾ ആണ് എന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.
- സാമൂഹിക സന്നദ്ധ സംഘടനകളുടെയും എൻജിഒ യുടേയും പങ്കാളിത്തം എങ്ങും തന്നെ കാണാൻ സാധിച്ചില്ല.
- പദ്ധതി ആസൂത്രണത്തിന് വേണ്ട പരിശീലനം തൊഴിലുറപ്പ് സ്റ്റാഫുകൾക്ക് മറ്റ് മാർക്കും നൽകണ്ടേിയിരിക്കുന്നു

## വാർഡ് നടത്താവുന്ന പ്രവർത്തികൾ

- * കമ്പോസ്റ്റ് കുഴികൾ നിർമ്മാണം
- *തരിശുഭൂമിയിൽ പഴം -പച്ചക്കറി കൃഷി
- *തരിശുഭൂമിയിൽ വനവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
- *നീർ ചാലുകളുടെ പുനരുദ്ധാരണം
- *റോഡ് സൈഡ് സംരക്ഷണവും, പുനരുദ്ധാരണവും
- *തരിശുഭൂമിയിൽ ജൈവ കൃഷി നടിയിൽ
- *മൺകയ്യാല നിർമാണം
- *ജൈവ വേലി നിർമാണം
- * കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് നിർമാണം
- *തോട് പുനരുദ്ധാരണം
- * ഭൂമി തട്ട് തിരിക്കൽ
- *പാരാ 5ഉൾപ്പെട്ട വീടുകളിൽ ജൈവ പച്ചക്കറി ഉത്പാദനം
-

## പൊതു നിർദ്ദേശങ്ങൾ

- തൊഴിലാളികൾക്ക് വർഷത്തിൽ പണിക്കുള്ള അപേക്ഷ ഒരുമിച്ച് നൽകാൻ പ്രേരിപ്പിക്കണം ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകണം

- വ്യത്യസ്തവും ക്രിയാത്മകവുമായ പ്രവർത്തികൾ ഏറ്റെടുക്കുകയും അത് കൃത്യമായി നടപ്പാക്കുകയും ചെയ്യാം

പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കണം

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥർ പറ്റുന്നത്ര പ്രവർത്തി സ്ഥലങ്ങളിൽ കൃത്യമായി സന്ദർശിച്ച് ഇരിക്കേണ്ടതാണ്
- വി എം സി അംഗങ്ങൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നവർ ആയിരിക്കണം. ഒരു സ്വതന്ത്ര ഓഡിറ്റിംഗ് സമിതിയായി വളരേണ്ടതുണ്ട്.
- സുതാര്യത ഉറപ്പാക്കാൻ എല്ലാ പ്രവർത്തി സ്ഥലത്തും CIB സ്ഥാപിച്ചിരിക്കണം.
- പങ്കാളിത്ത സമീപനം പദ്ധതി ആസൂത്രണത്തിൽ കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്താൻ കഴിയണം.
- ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും തൊഴിലാളികൾക്ക് ലഭ്യമാക്കുകയും അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം.
- തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ വാങ്ങി സൂക്ഷിക്കുകയും ഇവ തൊഴിലാളികൾക്ക് ലഭ്യമാകുന്ന ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയുംതൊഴിൽ ഗ്രൂപ്പായി കണ്ടെത്തി അത് ചെയ്യുവാൻ പഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകുന്നത് വഴി 100 ദിവസത്തെ തൊഴിലുറപ്പ് ആക്കാൻ ശ്രമിക്കുക
- ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് നൽകി കൃത്യമായി പൂരിപ്പിച്ച ശേഷം തിരികെ വാങ്ങേണ്ടതാണ്
- ഗ്രാമസഭകളിൽ പങ്കെടുത്ത നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കേണ്ടതാണ്
- മേറ്റ്മാർക്ക് സൈറ്റ് ഡയറി മസ്റ്റർ റോൾ തൊഴിൽ കാർഡ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക, വെട്ടിതിരുത്തലുകൾ ഉണ്ടാകാൻ പാടില്ല
- പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക

- തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശേഷം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക
- .ദാഹജലം തണൽ മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടന്നെ് ഉറപ്പുവരുത്തുക
- സൈറ്റ് ഡയറി കൃത്യമായി പൂരിപ്പിക്കുന്ന തോടൊപ്പം മോണിറ്ററിങ് എത്തുന്നവരുടെ നിർദ്ദേശങ്ങളും ഒപ്പം കൃത്യമായി രേഖപ്പെടുത്തുക
- മറ്റു തൊഴിലാളികൾ മരേറ് സ്ഥാനം ഏറ്റെടുക്കുന്നതിന് സഹായിക്കുക

*ഉദ്യോഗസ്ഥർക്ക്*

- തൊഴിൽകാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക
- പ്രവർത്തി സ്ഥലം പരിശോധിച്ച് പ്രവർത്തി ആവശ്യമങ്കെിൽ അർഹമായ വർക്ക് വണ്ടേി എസ്റ്റിമരേറ് തയ്യാറാക്കുക
- പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിറ്ററിംഗ് ചെയ്ത നിർദ്ദേശങ്ങൾ നൽകണ്ടേതാണ്
- ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ പരേ് ഒപ്പ് സീല് തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം
- ജനകീയ എസ്റ്റിമരേറ് നിർബന്ധമായും ഉണ്ടാക്കണം
- ആനുവൽ മാസ്റ്റർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ സൂക്ഷിക്കണ്ടേ22 രേഖകൾ കൃത്യമായി സൂക്ഷിക്കണം.
- പ്രവർത്തി ആരംഭ മീറ്റിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ പറഞ്ഞു മനസ്സിലാക്കണ്ടേതാണ്
- ലബേർ ബഡ്ജറ്റ് വാർഷിക കർമ്മ പദ്ധതി പ്രോജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പങ്ക് ഉറപ്പിക്കണ്ടേത് ആണ്

*ഗ്രാമ പഞ്ചായത്തിനോട്*

- കൃത്യമായി നഗരസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക
- ഇപ്പോഴുള്ള വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി നിങ്ങളെ യഥാസമയം മാറ്റി സാമൂഹ്യ വിശ്വാസം സവേന മനസ്ഥിതിയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ കമ്മിറ്റി രൂപീകരിക്കുക
- സ്ഥിര ആസ്തിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം

- ജലസംരക്ഷണ പ്രവര്‍ത്തനങ്ങള്‍ ഉള്‍പ്പടെുത്തുക
- തൊഴിലുപകരണങ്ങള്‍ ഗുണമന്മേയുള്ളതും സ്ത്രീ സൗഹൃദവും ആണന്നെ് ഉറപ്പാക്കുക
- തുക വിനിയോഗിക്കുന്നതിന് ആപക്ഷേികമായ ആസ്തികള്‍ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുകചയെ്യണം.
- മറേ്റ് മാരെ തിരഞ്ഞടെുക്കുമ്പോള്‍ വിവചേനം പാടില്ല.
- മസ്റ്റര്‍ റോള്‍ ചക്കെ് ബുക്കിനു സമാനമായതിനാല്‍ മസ്റ്റര്‍ റോളില്‍ വടെ്ടിതിരുത്തലുകള്‍ ഉണ്ടാവാന്‍ പാടില്ല. അല്ലാത്തപക്ഷം ബാധ്യതയായി കണക്കാക്കുന്നു
- പ്രകൃതിവിഭവ പരിപാലനത്തിന് പ്രാധാന്യം നല്‍കി വണേം പദ്ധതികള്‍ ആസൂത്രണം ചയെ്യുവാന്‍.
- മറേ്റ് മാര്‍ക്കും വി എം സി അംഗങ്ങള്‍ക്കും സമയബന്ധിതമായി പരിശീലനം നല്‍കണം.
- ജവൈ സമ്പത്ത് വര്‍ദ്ധിപ്പിക്കുന്ന പ്രവര്‍ത്തികള്‍ ഏറ്റടെുക്കുവാന്‍ ശ്രമിക്കണം.
- സ്ത്രീ സൗഹൃദ പണിയായുധങ്ങള്‍ ആണന്നെ് ഉറപ്പാക്കണം.

തൊഴിലാളികളുടെ അവകാശങ്ങള്‍

തൊഴിലാളികള്‍ക്ക് പത്ത് അവകാശങ്ങള്‍ പ്രധാനം ചയെ്യുന്നു അവ ഏതൊക്കയൊണന്നെ് ചുവടെ ചര്‍ക്കുന്നു

- തൊഴില്‍ കാര്‍ഡ് ലഭിക്കുവാന്‍ ഉള്ള അവകാശം
- അപക്ഷേിച്ചു 15 ദിവസത്തിനുള്ളില്‍ തൊഴില്‍ ലഭിക്കുവാനുള്ള അവകാശവും ആയതിനാല്‍ കപൈറ്റ് രസീത് ലഭിക്കുവാനുള്ള അവകാശവും
- തൊഴില്‍ ലഭിച്ചില്ലങ്കെില്‍ തൊഴിലില്ലായ്മ വതേനം ലഭിക്കുവാനുള്ള അവകാശം
- ഷല്‍ഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാന്‍ ഉള്ള അവകാശ
- 5 കിലോമീറ്ററിനുള്ളില്‍ തൊഴില്‍ ലഭിക്കാനുള്ള അവകാശം അല്ലങ്കെില്‍ വതേനത്തിന് 10% അധികം

- കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ലഭിക്കാനുള്ള അവകാശം
- 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം
- പരാതി പരിഹാരത്തിനുള്ള അവകാശം
- സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം

## പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. അവിദഗ്ധ കായികാധ്വാന സന്നദ്ധതയുള്ള വരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ആയിരിക്കണം.
2. 18 വയസ്സ് പൂർത്തിയായിരിക്കണം.
3. ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കും.
4. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
5. ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം.
6. അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിലുള്ള തൊഴിലില്ലായ്മ വേതനം.
7. തൊഴിൽ തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം.
8. മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി.
9. കാലതാമസം ആകുന്ന ഓരോ ദിവസത്തിനും സീറോ പോയിന്റ് 5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം.
10. കുടിക്കാനുള്ള വെള്ളം പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി ഇടങ്ങളിൽ ഉണ്ടായിരിക്കണം.

## തൊഴിലാളികളുടെ കടമകൾ

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പുവെയ്ക്കുക.
2. തൊഴിലുറപ്പ് ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യിലും കൃത്യമായി പങ്കെടുക്കുക.
3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാൻ പാടുള്ളതല്ല.

4. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവർത്തിയുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വെക്കേണ്ടതാണ്.
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുക.
6. ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കണ്ടെത്തി പഞ്ചായത്ത് അധികൃതരെ അറിയിക്കുക.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ആനുകൂല്യങ്ങളെക്കുറിച്ച് അതുമായി ബന്ധപ്പെട്ട ആവശ്യകതയെക്കുറിച്ച് ഒരു വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികൾക്ക് എത്തിക്കാൻ സാധിക്കും ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വാസ്തുപരമായ കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കട്ടെ.

നന്ദി

സോഷ്യൽ ഓഡിറ്റ് തയ്യാറാക്കാൻ സഹായിച്ച പത്തനംതിട്ട ഡി ആർ പി യും, പറക്കോട് ബ്ലോക്ക്, എ ഇ, കടമ്പനാട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് മെമ്പർ മറ്റ് ഉദ്യോഗസ്ഥർ തൊഴിലുറപ്പ് തൊഴിലാളികൾ മറ്റേും മാർ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയ*** അംഗങ്ങൾ

- ***അഹല്യ റാണി ജി***
- ***അശ്വതി വി സ്***
- ***പുരാഗ് എ കെ***

2019 നവംബർ 28 ആം തീയതി വ്യാഴാഴ്ച ശ്രീനാരായണപുരം 5083 എൻ എസ്എസ് കരയോഗ മന്ദിരത്തിൽ വച്ച് കൂടിയ വാർഡ് 14 വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ജനപ്രതിനിധികൾ എംജിഎൻആർഇ ജി യുടെ ഉദ്യോഗസ്ഥർ, തൊഴിലാളികൾ, റിസോഴ്സ് പേഴ്സൺമാർ ഉൾപ്പടെ 60 പേർ പങ്കെടുത്തു

ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

## ഗ്രാമസഭയിൽ എടുത്ത നിർദ്ദേശങ്ങൾ

- അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ ജനകീയ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു
- മസ്റ്റർറോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ അതിന് കാരണം മേറ്റ് ഒരു വെള്ളപേപ്പറിൽ എഴുതി ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചു
- ഡിമാൻഡ് ഫോം ഇനിമുതൽ പഞ്ചായത്തിൽ നിന്നും യാതൊരു ചെലവുമില്ലാതെ ലഭ്യമാകും
- 14 ദിവസം കൂടുമ്പോൾ മേറ്റ് മാറും
- വിഎംസി അംഗങ്ങളെ അടുത്ത ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുക്കണമെന്ന് പറഞ്ഞു
- തൊഴിൽ കാർഡിനായി അപേക്ഷിക്കുന്നു വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും ഫോട്ടോയെടുത്തു നൽകുകയോ അല്ലെങ്കിൽ പൈസ റീഫണ്ട് ചെയ്യാനുള്ള സൗകര്യം ഒരുക്കുകയോ ചെയ്യും.
- മൂന്നുമാസമായി കിട്ടാനുള്ള വേതനം എത്രയും പെട്ടന്ന് ലഭ്യമാക്കണം

## ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ

- അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ_ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കും.
- വിഎംസി അംഗങ്ങളെ അടുത്ത ഗ്രാമസഭയിൽ വെച്ച് തിരഞ്ഞെടുക്കും
- മസ്റ്റർ റോളിൽ വെട്ടി തിരുത്തലുകൾ ഉണ്ടായാൽ അതിനുകാരണം മേറ്റ് ഒരു വെള്ളപേപ്പറിൽ എഴുതി നൽകും
    - റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയുടെ സി ഐ ബി യുമായി ബന്ധപ്പെട്ട ബാധ്യത
      സി ഐ ബി സ്ഥാപിച്ചതിനാൽ ബാധ്യതയിൽ നിന്ന്
      ഒഴിവാക്കിയിരിക്കുന്നു

ശേഷം vrp പുരാഗ് നന്ദി രേഖപ്പെടുത്തി.12.55ന് ഗ്രാമസഭാ റിപ്പോർട്ട് അംഗീകരിച്ചു, ദേശീയ ഗാനത്തോട് കൂടി ഗ്രാമസഭ അവസാനിപ്പിച്ചു.

അദ്ധ്യക്ഷൻ :

DRP :

BRP :